# മോഡേൺ ഹയർ സെക്കന്ററി സ്കൂൾ

## പോട്ടൂർ




# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

# ഉള്ളടക്കം


| SL. No | വിഷയം | പേജ് നമ്പർ |
|---|---|---|
| 1 | മോഡേൺ ഹയർ സെക്കന്ററി സ്കൂൾ | 1 |
| 2 | മാനേജ്മെന്റ് & സ്റ്റാഫ് | 2 |
| 3 | റിസൾട്ട് | 5 |
| 4 | അക്കാദമിക നേട്ടങ്ങൾ | 7 |
| 5 | ഭൗതിക നേട്ടങ്ങൾ | 9 |
| 6 | മലയാളം ക്ലബ് | 13 |
| 7 | അറബിക് ക്ലബ് | 14 |
| 8 | ഇംഗ്ലീഷ് ക്ലബ് | 14 |
| 9 | ഹിന്ദി ക്ലബ് | 14 |
| 10 | സോഷ്യൽ സയൻസ് ക്ലബ് | 15 |
| 11 | ഐ ടി ക്ലബ് | 15 |
| 12 | കൊമേർസ് ക്ലബ് | 16 |
| 13 | ഗേൾസ് സെക്യൂരിറ്റി കൗൺസിൽ | 16 |
| 14 | സയൻസ് ക്ലബ് | 15 |
| 15 | മാത്സ് ക്ലബ് | 15 |
| 16 | നാച്ചർ ക്ലബ് | 16 |
| 17 | സ്കൗട്ട് &ഗൈഡ്സ് | 20 |
| 18 | ജൂനിയർ റെഡ് ക്രോസ് | 20 |
| 19 | Special Programmes | 21 |
| 20 | Other Celebrations | 25 |



**1994-**ൽ സ്ഥാപിതമായ ക്രസന്റ് എഡ്യൂക്കേഷണൽ ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന മോഡേൺ ഹയർ സെക്കൻഡറി സ്കൂൾ പോട്ടൂർ ഗ്രാമത്തിൽ അഞ്ച് ഏക്കറിലധികം വിസ്തൃതിയിലുള്ള സ്കൂൾ കാമ്പസിൽ സ്ഥിതി ചെയ്യുന്നു. ശാന്തവും ആരോഗ്യകരവുമായ ചുറ്റുപാടുകളും കാലാവസ്ഥയും വിദ്യാർത്ഥികളുടെ ശരിയായ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് അനുയോജ്യമാണ്. എല്ലാ സംസ്കാരങ്ങളെയും മതങ്ങളെയും അംഗീകരിക്കുന്ന സാർവത്രിക മൂല്യങ്ങളുള്ള പഠിതാക്കളെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടൊപ്പം വിദ്യാർത്ഥികളുടെ അക്കാദമികവും ജന്മസിദ്ധവുമായ കഴിവുകളെ കണ്ടെത്തി അതിനു വേണ്ട പിന്തുണ നൽകുക എന്നതുകൂടി ഞങ്ങളുടെ ഉത്തരവാദിത്വമാണ്.

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| മാനേജർ | എൻ മൊയ്തുണ്ണി |
| പ്രിൻസിപ്പൽ | എ വി സുഭാഷ് |
| വൈസ് പ്രിൻസിപ്പൽ | സി വി അബ്ദുൽ അസീസ് |
| ആകെ അദ്ധ്യാപകർ | 75 |
| ഹയർ സെക്കന്ററി | 16 |
| ഹൈസ്കൂൾ | 19 |
| യു പി | 16 |
| എൽ പി | 15 |
| കെ ജി | 8 |
| ക്ലർക്ക് | 2 |
| ഓഫീസ് അസിസ്റ്റന്റ് | 4 |
| ജില്ല | മലപ്പുറം |
| വിദ്യാഭ്യാസ ജില്ല | തിരൂർ |
| ഉപജില്ല | എടപ്പാൾ |
| ബി ആർ സി | എടപ്പാൾ |

## ഡിവിഷനുകളുടെ എണ്ണം

| കെ ജി | എൽ പി | യു പി | എച്ച് എസ് | എച്ച് എസ് എസ് |
|---|---|---|---|---|
| 6 | 12 | 9 | 12 | 6 |

## വിദ്യാർത്ഥികളുടെ എണ്ണം

| | ബോയ്സ് | ഗേൾസ് | ആകെ |
|---|---|---|---|
| കെ ജി | 112 | 97 | 209 |
| എൽ പി | 267 | 233 | 500 |
| യു പി | 185 | 210 | 395 |
| എച്ച് എസ് | 226 | 232 | 458 |
| എച്ച് എസ് എസ് | 90 | 152 | 242 |

## S S L C RESULT

| Period | Percentage | Full A+ |
|---|---|---|
| 2019-20 | 100 | 15 |
| 2020-21 | 100 | 54 |
| 2021-22 | 100 | 18 |
| 2022-23 | 100 | 27 |
| 2023-24 | 100 | 28 |
| 2024-25 | 100 | 16 |

## PLUS TWO RESULT

| Period | Percentage | Full A+ |
|---|---|---|
| 2019-20 | 100 | 4 |
| 2020-21 | 100 | 14 |
| 2021-22 | 100 | 12 |
| 2022-23 | 99 | 10 |
| 2023-24 | 100 | 11 |
| 2024-25 | 98 | 5 |

# അക്കാദമിക നേട്ടങ്ങൾ







2010 മുതൽ S S L C പരീക്ഷയിൽ 100% വിജയം കൈവരിച്ചുകൊണ്ടിരിക്കുന്ന സ്കൂളിൽ L S S,U S S എന്നീ പരീക്ഷകളിലും ഉന്നതവിജയം നേടിക്കൊണ്ടിരിക്കുന്നു.5,7 ക്ലാസ്സുകളിലെ മദ്രസ്സ പൊതു പരീക്ഷയിലും തുടർച്ചയായി 100% വിജയം നേടിയെടുക്കാൻ സാധിക്കുന്നു.അക്കാദമിക് തലത്തിൽ ഹയർസെക്കന്ററി വിഭാഗത്തിലും മുൻപന്തിയിൽ നിൽക്കുന്ന മലപ്പുറം ജില്ലയിലെ പ്രധാന വിദ്യാലയങ്ങളിൽ ഒന്നാണ് ഇത്.

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായ് ഒഴിവു ദിവസങ്ങളിൽ CLP(Compensative Learning Programme)ക്ലാസ്സുകൾ കൊടുക്കുന്നതോടൊപ്പം അവരുടെ വ്യക്തിപരമായ പ്രശ്നങ്ങളും പഠനവൈകല്യങ്ങളും കണ്ടെത്തി പരിഹരിക്കുന്നതിനുള്ള കൗൺസിലിംഗ് സംവിധാനവും സ്കൂളിൽ നിലനിൽക്കുന്നു. പൊതുപരീക്ഷക്ക് തയ്യാറാക്കുന്ന കുട്ടികളെ അവരുടെ പഠന നിലവാരത്തിനനുസരിച്ച് പത്ത് അംഗങ്ങളുള്ള വിവിധ ഗ്രൂപ്പുകളാക്കി തിരിക്കുകയും ഓരോ ഗ്രൂപ്പിനും ഓരോ മെന്ററിനെ ഏല്പിക്കുകയും ചെയ്യുന്നു.കൂടാതെ ഓരോ ടേം എക്സാമിനു മുൻപായി റിവിഷന്റെ ഭാഗമായി "Daily Exam" നടത്തുന്നു.മാത്രമല്ല ,സെക്കന്റ് ടേം എക്സാമിനുശേഷം കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കി തിരിക്കുകയും

അവരുടെ നിലവാരത്തിനനുസരിച്ച് റിവിഷൻ + ടെസ്റ്റ് സീരീസ് നടത്തി ജനുവരി അവസാനത്തിൽ പ്രി മോഡൽ എക്സാം എഴുതുന്നതിനായി അവരെ പ്രാപ്തരാക്കുന്നു.ഇതിൽ നിന്നും ഏറ്റവും പുറകിൽ നിൽക്കുന്നവരെ കണ്ടെത്തുകയും അവർക്കായി രാവിലെ എട്ടര മുതൽ രാത്രി എട്ടര വരെ **Intensive Learning Camp** കൊടുക്കുകയും ചെയ്യുന്നു.

പൊതു പരീക്ഷ എഴുതുന്ന കുട്ടികൾക്ക് മാനസിക പിന്തുണ നൽകുന്നതിനായി ടേം വൈസ് ആയി മോട്ടിവേഷൻ ക്ലാസ്സുകളും ഭാവിയിൽ അവരുടെ കരിയർ ഡിസൈൻ ചെയ്യുന്നതിനായുള്ള കരിയർ ഗൈഡൻസ് ക്ലാസ്സുകളും നൽകി വരുന്നു.






# ഭൗതികനേട്ടങ്ങൾ

| | |
|---|---|
| സ്റ്റാഫ് റൂം | 6 |
| ക്ലാസ്സ് റൂമുകളുടെ എണ്ണം | കെ ജി-6,എൽ പി-12,യു പി-9<br>എച്ച് എസ്-12,എച്ച് എസ് എസ്-6 |
| കംപ്യൂട്ടർ ലാബുകൾ | 3 |
| സയൻസ് ലാബ് | 3 |
| സ്റ്റോർ | 2 |
| സ്പോർട്സ് റൂം | 1 |
| മാനേജർ റൂം | 1 |
| സ്റ്റോക്ക് റൂം | 1 |
| ഊട്ടുപുര | 1 |
| ഡൈനിംഗ് ഹാൾ | 2 |
| ഗ്രൗണ്ട് | 1 |
| ബസ്സുകളുടെ എണ്ണം | 28 |
| ടോയ്‌ലെറ്റ് | ബോയ്സ്- 20,ഗേൾസ്-25 |
| ടോയ്‌ലെറ്റ് (സ്റ്റാഫ്) | 4 |
| കൈകഴുകുന്നതിനുള്ള വാട്ടർ ടാപ്പുകൾ | 35 |
| കൈകഴുകുന്നതിനുള്ള വാട്ടർ ടാപ്പുകൾ-സ്റ്റാഫ് | 5 |
| ശുദ്ധീകരിച്ച കുടിവെള്ള ടാപ്പുകൾ | 5 |
| ശുദ്ധീകരിച്ച കുടിവെള്ള ടാപ്പുകൾ-സ്റ്റാഫ് | 5 |
| പ്രൊജക്ടർ | 8 |
| കമ്പ്യൂട്ടറുകൾ | 60 |
| സീലിംഗ് ഫാൻ | 115 |
| ഹെഡ്മാസ്റ്റർ റൂം | 2 |
| ഓഫീസ് റൂം | 4 |
| ലാംഗ്വേജ് റൂം | 3 |
| തണൽ മരങ്ങൾ | 50 |
| Air Conditioned Room | 15 |
| Interactive Board | 2 |
| Conference Hall | 1 |
| Auditorium | 3 |
| Nursing Room | 1 |
| Counselling Room | 1 |
| Prayer Hall | 4 |
| Security Cabin | 2 |
| Activity Room(KG) | 1 |



**KG BLOCK**



**LP BLOCK**



**UP BLOCK**



**HS&HSS BLOCK**



PLAY GROUND



VEHICLES

# മലയാളം ക്ലബ്



വായനാരവം

കഴിഞ്ഞ 5 വർഷമായി(2021-22)കുട്ടികളിൽ വായന,എഴുത്ത് എന്നിവ പരിപോഷിപ്പിക്കുന്നതിനു വേണ്ടി ഭാഷാ ക്ലബിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച പദ്ധതിയാണ് ഇത്.ഈ വാക്കൊരുക്കം സാഹിത്യോത്സവത്തിന്റെ ഭാഗമായി കലാ സാഹിത്യ രംഗത്തെ പ്രശസ്തരായ വ്യക്തിത്വങ്ങളെ (പി കെ പാറക്കടവ്,മുരുകൻ കാട്ടാക്കട,റഫീഖ് അഹമ്മദ്,കരീപ്പുഴ ശ്രീകുമാർ,രാമകൃഷ്ണൻ കുമരനെല്ലൂർ,പി സുരേന്ദ്രൻ,ആലംകോട് ലീലകൃഷ്ണൻ,അൻവർ അലി തുടങ്ങിയവർ) സ്കൂളിലേക്ക് കൊണ്ടു വരുന്നതിനും തെരഞ്ഞെടുക്കപ്പെട്ട കുട്ടി എഴുത്തുകാരുമായി സംവദിക്കാനുമുള്ള അവസരം ഒരുക്കുന്നു.ഓരോ വർഷവും ഏറ്റവും മികച്ച എഴുത്തുകാരെ കണ്ടെത്തുകയും അവർക്ക് മൊമെന്റോയും കാഷ് അവാർഡും നൽകുന്നു.

കുട്ടികളിലെ വായനാശീലം വളർത്തുന്നതിനായി പ്രത്യേക ടൈം ടേബിൾ പ്രകാരം ലൈബ്രറി ഉപയോഗപ്പെടുത്തുന്നു.ഓരോ കുട്ടിയും ഓരോ പുസ്തകം എന്ന രീതിയിൽ കൊണ്ടുവന്ന് ഒരു ക്ലാസ് റൂം ലൈബ്രറി ഈ വർഷം മുതൽ ആരംഭിക്കുന്നതിന് തീരുമാനിച്ചു.

എല്ലാ മാസവും കുട്ടി എഴുത്തുകാർക്ക് ഒരു ശിൽപശാല സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചു.(എഴുത്തുപുര).

വായനാരവത്തിന്റെ ഭാഗമായി പഠനയാത്രകളും സംഘടിപ്പിച്ചു വരുന്നു.കലാമണ്ഡലം,തസ്രാക്ക്,പുന്നയൂർക്കുളം,ബേപ്പൂർ,ലളിതകലാ അക്കാദമി തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കാനും നേരിട്ട് മനസിലാക്കാനും ഇതിലൂടെ സാധിക്കുന്നു. പുതിയ പാഠ പുസ്തകത്തെ ആസ്പദമാക്കി ഒരു ഷോർട്ട് ഫിലിം നിർമ്മിക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു.

## അറബിക്

കുട്ടികളിലെ എഴുത്തുകാരെ കണ്ടെത്തുന്നതിനായി കഥ,കവിത,ഉപന്യാസം തുടങ്ങിയ മത്സരങ്ങൾ നടത്തുകയും അറബി കലോത്സവത്തിൽ സ്റ്റേറ്റ് മത്സരത്തിൽ വരെ പങ്കെടുക്കുവാൻ ഉതകുന്ന നിരന്തര പരിശീലനം നടത്തി വരികയും ചെയ്യുന്നു.പാഠഭാഗങ്ങളിൽ പരാമർശിക്കുന്ന സ്ഥലങ്ങളിലേക്ക് (പറമ്പിക്കുളം,വൃദ്ധ സദനം)പഠനയാത്ര സംഘടിപ്പിക്കുകയും ചെയ്തു വരുന്നു.

## ഇംഗ്ലീഷ്

കുട്ടികളിലെ എഴുത്തുകാരെ കണ്ടെത്തുന്നതിനായി കഥ,കവിത,ഉപന്യാസം തുടങ്ങിയ മത്സരങ്ങൾ നടത്തുകയും തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്കായി നിരന്തര പരിശീലനം നടത്തി വരികയും ചെയ്യുന്നു.കുട്ടികളിലെ **Public speaking skill,Self confidence** എന്നിവ ഉയർത്തുന്നതിന് വേണ്ടി **3** മിനിറ്റ് കുട്ടികൾക്ക് ഇഷ്ടപ്പെട്ട വിഷയത്തെ കുറിച്ച് സംസാരിക്കുവാനുള്ള അവസരം നൽകുന്നു.കുട്ടികളിലെ **Interaction capacity** വർദ്ധിപ്പിക്കുന്നതിനായി **Round table** എന്ന ഒരു **interview** സെഷനും **Role play/skit** തുടങ്ങിയവയും നടത്തുന്നു.

ഈ വർഷം **English fest,film fest** എന്നിവ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

## ഹിന്ദി

തുടർച്ചയായി വായിപ്പിച്ച് കുട്ടികളിൽ ഹിന്ദി വായനാ ശേഷി വർദ്ധിപ്പിക്കുന്നു.പ്രേംചന്ദ് ദിനത്തോടനുബന്ധിച്ച് കുട്ടികളുടെ വിവിധ പരിപാടികൾ നടത്തുന്നു.ഭാഷാ ശേഷി വളർത്തുന്നതിന് വേണ്ടി അസംബ്ലികൾ എല്ലാ ആഴ്ചയിലും സംഘടിപ്പിക്കുന്നു.പുതിയ പാഠഭാഗത്തെ ആസ്പദമാക്കി സ്കിറ്റ് തയ്യാറാക്കി അവതരിപ്പിക്കാൻ തീരുമാനിച്ചു.കലോത്സവത്തിൽ പങ്കെടുക്കുന്നതിനുള്ള കുട്ടികളെ കണ്ടെത്താൻ ഇതിലൂടെ സാധിക്കുന്നു.

## സോഷ്യൽ സയൻസ്

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് മഹത് വ്യക്തികളേയും സംഭവങ്ങളേയും ഉൾപ്പെടുത്തി വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരം നടത്തിവരുന്നു.ഹിരോഷിമ നാഗസാക്കിയോടനുബന്ധിച്ച് യുദ്ധ വിരുദ്ധ കൊളാഷ് മത്സരം സംഘടിപ്പിക്കുന്നു.ഭൂമിശാസ്ത്രപരമായ പ്രത്യേകതകളെക്കുറിച്ച് മനസിലാക്കുന്നതിനു വേണ്ടി പഠനയാത്രകൾ നടത്തുന്നു.ജനസംഖ്യാദിനത്തോടനുബന്ധിച്ച് പ്രസംഗമത്സരം നടത്തുന്നു.S S L C, Plus two പബ്ലിക് എക്സാമിനു ശേഷം സമീപ പ്രദേശത്തെ സമൂഹത്തിൽ അശരണരായ ഇരുപത്തഞ്ചോളം കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യ കിറ്റുകൾ നൽകാറുണ്ട്.

## സയൻസ്

ശാസ്ത്രത്തെ കുറിച്ച് കൂടുതൽ അവബോധം ഉണ്ടാക്കുന്നതിനുവേണ്ടി പ്ലാനിറ്റേറിയം പോലുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു.ചാന്ദ്രദിനത്തോടനുബന്ധിച്ച് കൊളാഷ് മത്സരം സംഘടിപ്പിക്കാൻ തീരുമാനിച്ചു.ലഹരിക്കെതിരെ ഫ്ലാഷ് മോബ് നടത്താൻ തീരുമാനിച്ചു.സയൻസ് എക്സ്പോ,സ്റ്റാൻഡ് അപ്പ് സയൻസ് ഷോ എന്നിവ നടത്താൻ തീരുമാനിച്ചു.

## മാത്തമാറ്റിക്സ്




ഗണിതശാസ്ത്രത്തിൽ പൈയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനുവേണ്ടി പൈഡേ വിവിധപരിപാടികളോടുകൂടി ആചരിക്കാറുണ്ട്.വരക്കുവാൻ കഴിവുകളെ വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനുവേണ്ടി ജ്യോമെടിക് പൂക്കളമസ്തരം നടത്താറുണ്ട്.മാത്സ് സ്കിറ്റ്, മാത്സ് എക്സിബിഷൻ എന്നിവ നടത്തി വരുന്നു.

## ഐ ടി

സ്കൂളിൽ വിവിധ ക്ലബ്ബുകളുടെ കീഴിൽ നടത്തിവരുന്ന പ്രോഗ്രാമുകളുടെ പ്രവർത്തന റിപ്പോർട്ട് ഉൾക്കൊള്ളുന്ന ഒരുപ പത്രം എല്ലാ മാസവും പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു.സബ്ജില്ലാ ഐ ടി മേളക്കുള്ള കുട്ടികളെ കണ്ടെത്തുന്നതിനു വേണ്ടിയുള്ള സ്കൂൾ തല മത്സരങ്ങൾ സംഘടിപ്പിക്കുന്നു.കുട്ടികളിൽ സാങ്കേതിക അവബോധം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പഠനയാത്രകൾ സംഘടിപ്പിക്കുന്നു.

## നേച്ചർ ക്ലബ്




പ്രകൃതിയെ അറിയാൻ പ്രകൃതിയിലൂടെ ഒരു യാത്ര നടത്തിവരാറുണ്ട്.വിനോദവും വിജ്ഞാനവും അടിസ്ഥാനമാക്കികൊണ്ടുള്ള സ്കാവഞ്ചർ ഹണ്ട് നടത്ത പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി ഫലവൃക്ഷ തൈക സ്കൂളിലും പരിസര പ്രദേശങ്ങളിലും നട്ടു വരുന്നു.

## കൊമേഴ്സ് ക്ലബ്




നിത്യജീവിതത്തിൽ വരുമാനവും ചെലവും എങ്ങനെ ബാലൻസ് ചെയ്ത് കൊണ്ടുപോകാം എന്നതിനെ കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നതിനുവേണ്ടി ഭക്ഷ്യമേള സംഘടിപ്പിക്കുന്നു. തൊഴിൽമേഖലകളിലെ സാധ്യതകളെ കുറിച്ച് മനസ്സിലാക്കുന്നതിനുവേണ്ടി വിവിധ വ്യവസായ ശാലകളിലേക്ക് പഠനയാത്രകൾ നടത്താറുണ്ട്. കുട്ടികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ച് തെരെഞ്ഞെടുക്കാവുന്ന കോഴ്സുകളുടെ സാധ്യതകളെ കുറിച്ച് മനസ്സിലാക്കുന്നതിനുവേണ്ടി കരിയർ ഗൈഡൻസ് ക്ലാസ്സുകൾ നടത്തുന്നു.



## G S C / B S C ക്ലബ്

പെൺകുട്ടികളുടേയും ആൺകുട്ടികളുടേയും പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുവേണ്ടി ഗേൾസ്/ബോയ്സ് സെക്യൂരിറ്റി കൗൺസിൽ പ്രവർത്തിക്കുന്നു.അവർക്കുവേണ്ടി പ്രത്യേകം ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. പല കാരണങ്ങളാൽ വീടുകളിൽ നിന്നും മാറ്റി നിർത്തപ്പെട്ടവരുടെ ജീവിതാനുഭവങ്ങളെ നേരിൽ

കണ്ട് അവർക്ക് ആശ്വാസം പകരുന്നതിനുവേണ്ടി അനാഥലയങ്ങളിലേക്കും റെസ്ക്യൂ ഹോമുകളിലേക്കും യാത്ര നടത്താറുണ്ട്.

## S P G (School Protection Group)

സ്കൂൾ പ്രവർത്തനങ്ങൾ സുതാര്യവും സുരക്ഷിതവുമായി നടത്തുന്നതിനുമായി രൂപീകരിക്കപ്പെട്ട ഈ ക്ലബിൽ നിയമപാലകർ,പി ടി എ അംഗങ്ങൾ,നാട്ടുകാർ,കച്ചവടക്കാർ,ഡ്രൈവർമാർ,അധ്യാപകർ എന്നിവർ ഉൾപ്പെടുന്നു.ഇതിന്റെ പ്രവർത്തന ഫലമായി സ്കൂളിലും പരിസര പ്രദേശങ്ങളിലും അച്ചടക്കം നിലനിർത്താൻ സാധിക്കുന്നു.മാത്രമല്ല 10,11,12 ക്ലാസുകളിലെ കുട്ടികൾക്ക് സ്കൂൾ വാഹനം നിർബന്ധമാക്കുകയും ചെയ്യുന്നു.

## ലൈബ്രറി ക്ലബ്





വായനാവാരത്തോടനുബന്ധിച്ച് പൊന്നാനി താലൂക്കിലെ എ ഗ്രേഡ് ലൈബ്രറിയായ വട്ടംകുളം ഗ്രാമീണവായനശാല സന്ദർശനവും പ്രസിദ്ധ സാഹിത്യകാരിയും നർത്തകിയുമായ വിജയവാസുദേവനുമായുള്ള സംവാദവും സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.എഴുത്തുകാരെ ആദരിക്കുന്നതിനും കുട്ടികളെ വായനയുടെ ലോകത്തിലേക്ക് കൈപിടിച്ചു കൊണ്ടു വരുന്നതിനുമായി സംവാദങ്ങളും നടത്തുന്നു.വള്ളത്തോൾ വിദ്യാപീഠത്തിലേക്ക് പഠനയാത്ര നടത്തും.വർഷത്തിൽ ഏറ്റവും കൂടുതൽ വായിക്കുന്ന കുട്ടികൾക്ക് അവാർഡ് നൽകുന്നു.

## സ്പോർട്സ്

**Athletics ,Games** എന്നിവയിൽ ഒരുപോലെ പ്രാതിനിധ്യം നൽകുന്ന ഞങ്ങളുടെ സ്കൂളിൽ 3 ദിവസങ്ങളിലായി സ്കൂൾ സ്പോർട്സ് നടത്താറുണ്ട്.ഇതിനു പുറമേ കെ ജി വിദ്യാർത്ഥികൾക്കായി മാത്രം **Kids sports day** നടത്തുന്നു. **Football, Kho-Kho,Badminton,Volleyball** തുടങ്ങിയ ഇനങ്ങളിലെല്ലാം വിദഗ്ധരായ പരിശീലകരെ കൊണ്ട് പരിശീലനം നൽകുകയും നല്ല റിസൾട്ട്

നേടിയെടുക്കാറുമുണ്ട്.കഴിഞ്ഞ 2 വർഷമായി കൊക്കൊ ടൂർണമെന്റിന്റെ ആതിഥേയത്വം വഹിക്കുവാനും കഴിഞ്ഞു.











2021 മുതൽ സ്പോർട്സ് അഭിരുചിയുള്ള കുട്ടികൾക്ക് സൗജന്യമായി നിരന്തരം ക്യാമ്പ് നൽകിക്കൊണ്ടിരിക്കുന്നു.2024-25 ൽ 2 കുട്ടികൾക്ക് സംസ്ഥാന സ്പോർട്സ് മീറ്റിൽ പങ്കെടുക്കുവാനും ഉയർന്ന പൊസിഷനിൽ എത്തിച്ചേരുവാനും സാധിച്ചു.കഴിഞ്ഞ 3 വർഷമായി എടപ്പാൾ ഉപജില്ലയിലെ സ്പോർട്സ് മീറ്റിൽ Overall Second നേടിയെടുക്കാനും കഴിഞ്ഞു

## ശാസ്ത്ര മേള





എൽ പി മുതൽ ഹയർസെക്കന്ററി വരെയുള്ള ശാസ്ത്ര മേളയിലെ എല്ലാ വിഭാഗത്തിലും പങ്കെടുക്കുകയും ഉപജില്ലയിലെ ഏറ്റവും കൂടുതൽ പോയിന്റ് കരസ്ഥമാക്കുന്ന സ്കൂൾ ആയി നില നിൽക്കാനും സാധിക്കുന്നു.എച്ച് എസ്,എച്ച് എസ് എസ് വിഭാഗത്തിൽ എല്ലാ മേളകളിലും ഒന്ന് ,രണ്ട് ,മൂന്ന് സ്ഥാനങ്ങളിൽ

ഒന്ന് നേടാറുണ്ട്.2024-25 ലെ സംസ്ഥാന ശാസ്ത്ര മേളയിലും ഞങ്ങൾ പങ്കെടുത്തു.

## കലാമേള




വളരെ വിപുലമായ രീതിയിൽ 3 ദിവസങ്ങളിലായാണ് സ്കൂൾ ഫെസ്റ്റ് നടത്താറുള്ളത്.കലാരംഗത്തെ പ്രശസ്തരായ വ്യക്തികളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ഉദ്ഘാടന ചടങ്ങും സമാപന ചടങ്ങും നടത്താറുണ്ട്. വർഷങ്ങളായി സബ്ജില്ലയിലെ എല്ലാ ജനറൽ വിഭാഗത്തിലും അറബിക് വിഭാഗത്തിലും 3 സ്ഥാനങ്ങളിൽ ഒന്ന് നേടിയെടുക്കാറുണ്ട്.വിദഗ്ധരായ പരിശീലകരെ കൊണ്ടുവന്ന് പരിശീലനം നൽകുന്നതിലൂടെ സംസ്ഥാന തലം വരെ




വർഷങ്ങളായി വിവിധയിനങ്ങളിൽ പങ്കെടുത്ത് എ ഗ്രേഡ് നേടുവാൻ സാധിക്കുന്നു.2024-25 ലെ സബ്ജില്ല കലാമേളക്ക് കുറ്റമറ്റ രീതിയിൽ ആതിഥേയത്വം വഹിക്കാനും 7 ഇനങ്ങളിൽ സംസ്ഥാന കലോത്സവത്തിൽ എ ഗ്രേഡ് നേടിയെടുത്തു.

കെ ജി കുട്ടികൾക്ക് മാത്രമായി നടത്തുന്ന കെ ജി ഫെസ്റ്റ് സായാഹ്ന സന്ധ്യയിൽ വർണ്ണപ്പകിട്ടോടെ മുഖ്യാതിഥികളുടെ സാനിധ്യത്തിൽ നടത്തിവരുന്നു. 210 ൽ അധികം കുട്ടികൾ അവരുടെ കഴിവുകൾ മാറ്റുരക്കുവാൻ ഇതിലൂടെ സാധിക്കുന്നു.



## ജൂനിയർ റെഡ് ക്രോസ്



സമൂഹത്തിലെ അശരണരായ വ്യക്തികളെ കണ്ടെത്തി അവർക്ക് എല്ലാ മാസവും ഭക്ഷ്യ ധാന്യ കിറ്റ് നൽകി വരുന്നു.കൂടാതെ പഠനയാത്രകൾ,Special day celebrations,Camp തുടങ്ങിയവ നടത്തുന്നു.2025-26 അദ്ധ്യയന വർഷത്തിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും രക്ത ഗ്രൂപ്പ് കണ്ടെത്തി രക്തദാനം നടത്തുവാൻ താൽപര്യം ഉള്ളവരുടെ Blood group directory തയ്യാറാക്കി തൊട്ടടുത്തുള്ള PHC യിലെ HI ക്ക് കൊടുക്കുവാൻ തീരുമാനിച്ചു.

## ഭാരത് സ്കൗട്ട്സ് & ഗൈഡ്സ്

ബണ്ണീസ്,കബ്-ബുൾബുൾ,സ്കൗട്ട്സ് & ഗൈഡ്സ് എന്നീ വിവിധ യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നു.3 ദിവസങ്ങളിലായി നടക്കുന്ന TS,Rajyapuraskar ക്യാമ്പുകൾ ഇവിടെ നടത്തി വരാറുണ്ട്.2022-23 അദ്ധ്യയന വർഷത്തിലെ കബ് ബുൾബുൾ ഉത്സവം നടന്നത് ഇവിടെ ആയിരുന്നു.പൊതു സ്ഥല ശുചീകരണം,പഠനയാത്രകൾ,ബോധവൽക്കരണ ക്ലാസുകൾ,റാലികൾ,അഭിമുഖങ്ങൾ തുടങ്ങി വിവിധങ്ങളായ പരിപാടികൾ നടത്തിവരുന്നു.






## Special Programmes/Other Celebrations

### Vacation Camp






എല്ലാ വർഷവും മെയ് മാസത്തിൽ **LP,UP,HS,HSS** വിഭാഗങ്ങളിൽ വ്യത്യസ്ത ദിവസങ്ങളിലായി **2** ദിവസം നീണ്ടു നിൽക്കുന്ന ക്യാമ്പ് സംഘടിപ്പിക്കാറുണ്ട്.കഴിഞ്ഞ വെക്കേഷനിൽ ഹൈസ്കൂളിൽ **50** കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. സമൂഹത്തിലെ വിവിധമേഖലകളിൽ പ്രമുഖരായ വ്യക്തികളെ അഥിതികളായി കൊണ്ടുവരാറുണ്ട്. അത് കുട്ടികൾക്ക് വേറിട്ടൊരു അനുഭവമായിത്തീരാറുണ്ട്.

## പ്രവേശനോത്സവം




**LP,UP,HS,HSS** വിഭാഗങ്ങളിൽ വ്യത്യസ്ത പരിപാടികളോടു കൂടി പ്രവേശനോത്സവം ഗംഭീരമായി ആഘോഷിക്കാറുണ്ട്.കുട്ടികൾക്ക് മധുരം നൽകുകയും ചെയ്യാറുണ്ട്.

## Vacation Project



അവധിക്കാലം വിനോദത്തോടൊപ്പം വിജ്ഞാനവും പകർന്നു നൽകുന്നതിനായി വിവിധ ഭാഷകളെ ഉൾപ്പെടുത്തിക്കൊണ്ട് മാഗസിനുകളും,ക്രാഫ്റ്റ് വർക്കുകളും നൽകുകയും,ക്ലാസ് തുടങ്ങി ആദ്യ ആഴ്ചയിൽ തന്നെ അതിൽ നിന്നും മികച്ചതിനെ കണ്ടെത്തി സമ്മാനങ്ങളും നൽകി വരുന്നു.

## Bakrid Celebration







**LP,UP,HS,HSS വിഭാഗങ്ങളിൽ മാപ്പിള കലകളും മൈലാഞ്ചി മൊഞ്ചും ഉൾപ്പെടുത്തി പെരുന്നാൾ ആഘോഷം വർണ്ണാഭമാക്കുന്നു.**

## Independence Day Celebrations

**പതാക ഉയർത്തലിനുശേഷം ഫ്ലാഷ് മോബ്,സ്കിറ്റ് ,പരേഡ് തുടങ്ങിയ വിവിധ പരിപാടികളോടു കൂടി എല്ലാ വർഷവും ഗംഭീരമായി ആഘോഷിക്കുന്നു.**

## Onam Celebration

**ഓണാഘോഷത്തിൽ പൂക്കളമത്സരം,മെഗാതിരുവാതിര,വടംവലി,ഉറിയടി തുടങ്ങിയ മത്സരങ്ങളോടുകൂടി നടത്തിവരുകയും,കുട്ടികളും അധ്യാപകരും ചേർന്ന് ഓണസദ്യ ഒരുക്കുകയും ചെയ്യുന്നു.**

## ക്രിസ്തുമസ്

**എല്ലാവർഷവും ക്രിസ്തുമസ് കരോൾഗാനവും സാന്റാക്ലോസും,മധുരപലഹാരവിതരണവുമായി ആഘോഷിക്കാറുണ്ട്.**




## New Year Celebration




പുതുവത്സര ദിനാഘോഷത്തിന്റെ ഭാഗമായി ക്ലാസ് ടീച്ചറും കുട്ടികളും ചേർന്ന് അവരുടെ ക്ലാസ് റൂമിൽ വെച്ച് കേക്ക് മുറിച്ച് ആഘോഷിക്കുകയും ക്ലാസ് ഫോട്ടോ എടുക്കുകയും ചെയ്യുന്നു.

## Monthly News Quiz




പത്രവായന പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ആനുകാലിക വിവരങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി എല്ലാ മാസവും **Monthly News Quiz** നടത്തുന്നു.

## Staff Day / Staff Tour




സ്കൂളിലെ സ്റ്റാഫിന്റെ മാനസിക സന്തോഷവും പരസ്പര സഹകരണവും കൂട്ടുന്നതിനു വേണ്ടി പ്രദാനം ചെയ്യുന്നതിവേണ്ടി വിവിധ തരത്തിലുള്ള പരിപാടികൾ സംഘടിപ്പിക്കുന്നു.കൂടാതെ എല്ലാവർഷവും എല്ലാ സ്റ്റാഫിനുമായി വിനോദയാത്രകളും നടത്തുന്നു.

# Headway



മത്സര പരീക്ഷകളെ നേരിടാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി ഹെഡ്‌വേ എന്ന പേരിൽ തെരെഞ്ഞെടുത്ത കുട്ടികൾക്കായി വിവിധ പ്രോഗ്രാമുകൾ (മോട്ടിവേഷൻ ക്ലാസുകൾ, വിവിധ മേഖലകളിലുള്ള പ്രമുഖ വ്യക്തികളുമായുള്ള അഭിമുഖങ്ങൾ ഗ്രൂമിംഗ് സെഷൻ)നടത്തി വരുന്നു.ഇതിനോടകം മലപ്പുറം ജില്ലാ കലക്ടർ, സിവിൽ സർവ്വീസ് വിന്നർ,**Secretary Southern India Regional Council, Scientist** തുടങ്ങിയ മഹത് വ്യക്തികളെ സന്ദർശിക്കാനുള്ള അവസരം ലഭിച്ചു.എല്ലാ വർഷവും **V S S C,Naval Base,Secretariat** എന്നി സന്ദർശിച്ചു വരുന്നു.